**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3152** **11-03-2025 - ൽ മറുപടിയ്ക്ക്**

**ദേശീയപാത 66 ന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കായംകുളം മണ്ഡലത്തിൽ ദേശീയപാത 66 ന്റെ വികസനവുമായി ബന്ധപ്പെട്ട് എത്ര ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളതെന്നും, ഇതിനുള്ള പ്രതിഫലമായി എത്ര രൂപയാണ് നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ; | (എ) | കായകുളം മണ്ഡലത്തിൽ ഉൾപ്പെട്ട് വരുന്ന കൃഷ്ണപുരം, കീരിക്കാട്, പത്തിയൂർ എന്നീ വില്ലേജുകളിൽ നിന്നും ദേശീയപാത വികസനത്തിനായി 14.949 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുള്ളതും, നഷ്ടപരിഹാര തുകയായി 5,98,29,54,783/- രൂപ നൽകിയിട്ടുള്ളതുമാണ്. |
| (ബി) | ദേശീയപാതകളുടെ വികസനവുമായി ബന്ധപ്പെട്ട അലൈൻമെന്റ് നടപടികൾ ആരംഭിച്ചത് എന്നാണെന്നും, ആയത് എന്നാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (ബി) | ദേശീയപാത വികസനവുമായി ബന്ധപ്പെട്ട വിശദമായ പദ്ധതി രേഖ (DPR) 08.08.2016ന് ആരംഭിച്ച 22.12.2021 ന് പൂർത്തിയായി. കായംകുളം മണ്ഡലത്തിലെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ 15.02.2018-ലെ 3എ പ്രസിദ്ധീകരണത്തോടെ ആരംഭിച്ചു. |
| (സി) | ദേശീയപാത കടന്നുപോകുന്ന കായംകുളം മണ്ഡലത്തിന്റെ ഭാഗങ്ങളിൽ എത്ര അടിപ്പാതകൾ ഉണ്ടെന്നും, അവ ഏതൊക്കെയാണെന്നും പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള അടിപ്പാതകൾ ഏതൊക്കെയാണെന്നും, ഓരോന്നിന്റെയും വീതിയും ഉയരവും എത്രയാണെന്നും വിശദമാക്കാമോ; | (സി) | കായംകുളം മണ്ഡലത്തിലെ ദേശീയപാതയിലെ അടിപ്പാതകളുടെ വിശദവിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ഡി) | ദേശീയപാത 66 ന്റെ വികസനവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പായി ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ നിർദ്ദേശങ്ങൾ നാഷണൽ ഹൈവേ അതോറിറ്റി ആരാഞ്ഞിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | സാങ്കേതിക വിദഗ്ധർ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം തീരുമാനിക്കുന്നതാണ് ദേശീയപാതയുടെ അലൈൻമെന്റ് എന്നാണ് ദേശീയപാത അതോറിറ്റി അറിയിക്കുന്നത്. സാധാരണയായി പ്രാദേശിക തലത്തിൽ ചർച്ചകൾ നടത്താറില്ല എന്നും NHAI അറിയിക്കുന്നു. |
| (ഇ) | ദേശീയപാത 66 ന്റെ വികസനവുമായി ബന്ധപ്പെട്ട അലൈൻമെന്റ് തയ്യാറാക്കുന്ന ഏതെങ്കിലും ഘട്ടത്തിൽ കായംകുളം മണ്ഡലത്തിലെ ജനപ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | സാങ്കേതിക വിദഗ്ധർ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം തീരുമാനിക്കുന്നതാണ് ദേശീയപാതയുടെ അലൈൻമെന്റ് എന്നാണ് ദേശീയപാത അതോറിറ്റി അറിയിക്കുന്നത്. സാധാരണയായി പ്രാദേശിക തലത്തിൽ ചർച്ചകൾ നടത്താറില്ല എന്നും NHAI അറിയിക്കുന്നു. |

സെക്ഷൻ ഓഫീസർ

National Highways Authority of India
Regional Office-Kerala

Annexure- A

Underpasses in the Parts of Kayamkulam Constituency

| Sl.No | Type of structure | Location | Chainage | Size | Remarks |
|---|---|---|---|---|---|
| 1 | VUP | Ochira | 460+765 | 1 x 22.9 x5.5 | CA |
| 2 | SVUP | Kayankulam, Krishnapuram | 459+425 | 1 X 7 X 4 | CA |
| 3 | SVUP | Kayankulam, KPC Junction | 458+325 | 1 X 7 X 4 | CA |
| 4 | VUP | Kayankulam KSRTC | 456+520 | 1 x 22.9 x5.5 | CA |
| 5 | VUP | Kayankulam KSRTC | 456+495 | 1 x 22.9 x5.5 | COS-3 |
| 6 | LVUP | Kayankulam ONK Junction | 455+765 | 1 X 15 X 4.5 | Change of span length 12m to 15m for LVUP in COS-3 |
| 7 | LVUP | Putten road | 453+520 | 1X13.8 | CA |